## പത്രക്കുറിപ്പ്

# പോലീസിനെ ആക്രമിച്ച പ്രതി പിടിയിൽ

## കോവിഡ് സുരക്ഷാ പരിശോധന ശക്തമായി തുടരുന്നു

## വിലക്ക് ലംഘനം: 693 പേർക്കെതിരെ നിയമനടപടി

## 2,65,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ നിന്നും പരാതി അന്വേഷിച്ച് പോയ പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച് ഡ്യൂട്ടിയ്ക്ക് തടസ്സം വരുത്തിയ പ്രതിയെ പോലീസ് പിടികൂടിയതായി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു. വിഴിഞ്ഞം കോട്ടുകാൽ തുണ്ടുവിള വീട്ടിൽ വിനീത് (32)-നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.

വ്യാഴാഴ്ച വൈകിട്ട് 5- മണിയ്ക്കാണ് സംഭവം നടന്നത്. വിഴിഞ്ഞം വട്ടവിളയിൽ താമസിക്കുന്നയാളെ പ്രതി വീട്ടിൽ കയറി ദേഹോപദ്രവം ഏൽപ്പിക്കുന്നതായി കൺട്രോൾ റൂമിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് പോലീസ് പട്രോളിംഗ് സംഘം സ്ഥലത്തെത്തിയത്. പരാതിക്കാരനോട് വിവരങ്ങൾ ചോദിച്ചു മനസ്സിലാക്കവെ മദ്യലഹരിയിലായിരുന്ന പ്രതി എസ്.ഐ-യെ ഇടിയ്ക്കുകയും തടയാൻ ശ്രമിച്ച സി.പി.ഒ-യെ ചവിട്ടുകയും യൂണിഫോം വലിച്ചു കീറുകയും മറ്റും ചെയ്യുകയായിരുന്നു. അക്രമാസക്തനായിരുന്ന പ്രതിയെ വിഴിഞ്ഞം എസ്.എച്ച്.ഒ-യുടെ നേതൃത്വത്തിൽ പോലീസ് എത്തിയാണ് അറസ്റ്റ് ചെയ്തത്. വിഴിഞ്ഞം എസ്.എച്ച്.ഒ രമേഷ്, എസ്.ഐ-മാരായ രാജേഷ്, അനിൽ, എ.എസ്.ഐ അജികുമാർ, സി.പി.ഒ-



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത വിനീത് (32)

മാരായ സതീഷ്, ഷിബു എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ് സുരക്ഷാ കേസ് വിവരം

കോവിഡ് രോഗവ്യപാനം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സുരക്ഷാ പരിശോധന പോലീസ് ശക്തമായി തുടരുന്നു. തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (16-04-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 693 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 260 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 427 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 4 പേരിൽ നിന്നുമായി 2,65,000/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 2 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. കൂടാതെ ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 498 പേർക്ക് മുന്നറിയിപ്പ് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി
16-04-2021

**ഐ ജി പി & കമ്മീഷണർക്ക് വേണ്ടി**

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി